"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. WM1/50/2026/LSGD

തദ്ദേശ സ്വയംഭരണ (ഡബ്ള്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-03-2026

<u>സർക്കുലർ</u>

വിഷയം:- ത.സ്വ.ഭ.വ - ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 - സിവിൽ അപ്പീൽ നം. 6174/2023 കേസിൽ ബഹു. സുപ്രീം കോടതിയുടെ 19.02.2026 തീയ്യതിയിലെ ഉത്തരവ് നടപ്പാക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- (1) 2026 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ

(2) സിവിൽ അപ്പീൽ നം. 6174/2023 കേസിൽ ബഹു. സുപ്രീം കോടതിയുടെ 19.02.2026 ലെ ഉത്തരവ്

(3) ജോയിന്റ് സെക്രട്ടറി, MoEFCC യുടെ അധ്യക്ഷതയിൽ 16.03.2026 ന് ചേർന്ന യോഗത്തിന്റെ മിനിട്സ്

*********************

കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2026 ജനുവരി 27ന് ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 (Solid Waste Management Rules, 2026) വിജ്ഞാപനം ചെയ്തിട്ടുള്ളതും, നിലവിലുള്ള 2016 ലെ ചട്ടങ്ങൾക്ക് പകരമായി ഏപ്രിൽ 1, 2026 മുതൽ പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതുമാണ്. പരാമർശം 2 പ്രകാരം പ്രസ്തുത ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾ എന്നിവർക്ക് ബഹു. സുപ്രീം കോടതി സമഗ്രമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(2) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരമുള്ള വൃത്തിയുള്ളതും ആരോഗ്യകരവുമായ പരിസ്ഥിതിക്കുള്ള അവകാശം ഉറപ്പാക്കുന്നതിന് 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. ബഹു. കോടതിയുടെ നിർദ്ദേശപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ വകുപ്പുകൾ/ ഏജൻസികൾ/ സ്ഥാപനങ്ങൾ എന്നിവയുടെയും ഏകോപനത്തോടെ പ്രസ്തുത ചട്ടങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനും, സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഭരണസംവിധാനങ്ങൾ എന്നിവ പുതിയ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

(3) മേൽ സാഹചര്യത്തിൽ, ബഹു. സുപ്രീം കോടതിയുടെ പരാമർശം 2 ലെ ഉത്തരവ് പാലിച്ചുകൊണ്ട്, എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും താഴെപ്പറയുന്ന നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്:

1. 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 01.04.2026 മുതൽ നടപ്പിലാക്കേണ്ടതാണ്.

2. നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ജൈവ-അജൈവ മാലിന്യ തരംതിരിവിനോടൊപ്പം, 2026 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിൽ വിവരിച്ചിട്ടുള്ള നാല് തരം (Four-stream) വേർതിരിക്കൽ രീതി മാലിന്യ ശേഖരണം, സംസ്കരണം തുടങ്ങിയ പ്രക്രിയകളിൽ ഉറപ്പ് വരുത്തേണ്ടതാണ്: ഡ്രൈ മാലിന്യം (Dry waste), വെറ്റ് മാലിന്യം (Wet waste); സാനിറ്ററി മാലിന്യം (Sanitary waste); സ്പെഷ്യൽ കെയർ മാലിന്യം (Special care waste).

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിലുള്ള എല്ലാ മാലിന്യ ഉത്പാദകർക്കും, വൻകിട മാലിന്യ ഉത്പാദകർക്കും (Bulk Waste Generators), ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾക്കും മേൽ പ്രകാരമുള്ള തരം തിരിക്കൽ സംബന്ധിച്ച് വ്യക്തമായ അവബോധം നൽകേണ്ടതും, അത് പാലിക്കുന്നതിനു കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

3. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ തമ്മിലുള്ള ഏകോപനം ഉറപ്പാക്കികൊണ്ട് പുതിയ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതും, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്ന നിലയിൽ തദ്ദേശ സ്ഥാപന അധ്യക്ഷർ, കൗൺസിലർമാർ/വാർഡ് മെമ്പർമാർ എന്നിവർ ഉറവിട മാലിന്യ സംസ്കരണത്തിന്റെ മുഖ്യ സഹായികളായി (Lead Facilitators) പ്രവർത്തിക്കേണ്ടതുമാണ്. ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം, തങ്ങളുടെ വാർഡിലെ ഓരോ പൗരനെയും 2026-ലെ ചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ പങ്കാളികളാക്കുക എന്നത് തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നിയമപരമായ കടമയായിരിക്കുന്നതാണ്. പുതിയ ചട്ടങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം ജന പ്രതിനിധികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 01.04.2026നകം നൽകേണ്ടതാണ്.

4. 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ സംഗ്രഹം (മലയാളത്തിൽ) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 25.03.2026നകം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതും, ആയത് തദ്ദേശ സ്ഥാപനത്തിന്റെ ഓഫീസ്, വെബ്സൈറ്റ്, നോട്ടീസ് ബോർഡുകൾ, സോഷ്യൽ മീഡിയ ഹാൻഡിലുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, മറ്റ് പ്രാദേശിക കൂട്ടായ്മകൾ തുടങ്ങിയവ മുഖേന എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ലഭ്യമാകുന്നുവെന്ന് തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതുമാണ്.

5. ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ പകർപ്പ് സംസ്ഥാനത്തെ എല്ലാ വൻകിട മാലിന്യ ഉല്പാദകർക്കും (ബൾക്ക് വേസ്റ്റ് ജനറേറ്റർമാർ/BWG) ഉടനടി കൈമാറുന്നതിന് ശുചിത്വ മിഷൻ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ വൻകിട മാലിന്യ ഉല്പാദകരും 31.03.2026-നകം പൂർണ്ണമായും 2026 ലെ ഖരമാലിന്യ ചട്ടങ്ങൾ പാലിക്കുന്നതിന് സജ്ജരായിരിക്കണം.

6. ഖരമാലിന്യ സംസ്കരണം സംബന്ധിച്ച നടപടിക്രമങ്ങൾ, പുരോഗതി എന്നിവയുടെ മേൽനോട്ടം

വഹിക്കുന്നതിനു ജില്ലാ കളക്ടർമാർക്കും അധികാരമുണ്ടായിരിക്കുന്നതാണ്. തങ്ങളുടെ പരിധിയിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടക്കുന്ന നിയമലംഘനങ്ങൾ അതാത് വകുപ്പ്/സ്ഥാപനങ്ങൾ എന്നിവയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ജില്ലാ കളക്ടർമാർക്ക് നടപടി സ്വീകരിക്കാവുന്നതും, ഇതിനുള്ള പിന്തുണ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ നൽകേണ്ടതുമാണ്. പ്രാഥമികമായി, ജില്ലാ കളക്ടർമാർക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാലിന്യ സംസ്കരണ ഐ.ടി അധിഷ്ഠിത സംവിധാനങ്ങളായ ഹരിതമിത്രം അപ്ലിക്കേഷൻ, വാർ റൂം പോർട്ടൽ എന്നിവയിൽ അക്സസ്സ് നൽകുന്നതിനുള്ള നടപടി 25.03.2026നകം എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കണം.

7 . ബഹു. സുപ്രീം കോടതി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ഫോട്ടോഗ്രാഫിക്/വിഡിയോഗ്രാഫിക് തെളിവുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ക്രോഡീകരിച്ച് ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കേണ്ടതും, ജില്ലാ കളക്ടർമാർ ആയത് അവലോകനം ചെയ്യേണ്ടതുമാണ്.

8. അതത് തദ്ദേശ സ്ഥാപന പരിധിയിലെ ലെഗസി മാലിന്യം, ഡമ്പ് സൈറ്റുകൾ എന്നിവ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിന് സമയബന്ധിതമായ ആക്ഷൻ പ്ലാൻ തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തയ്യാറാക്കേണ്ടതും, നിലവിൽ കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യൂ.എം.പി), വിവിധ ബയോ മൈനിങ് പ്രോജക്ടുകൾ, തുടങ്ങിയവ പ്രകാരം ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

9. 2026ലെ ഖരമാലിന്യ ചട്ടങ്ങളിൽ വിവരിച്ചിട്ടുള്ള വെറ്റ് (Wet) വേസ്റ്റ് സംസ്കരിക്കുന്നതിനു എല്ലാ വൻകിട മാലിന്യ ഉല്പാദകരും (BWGs) അടിയന്തരമായി ഓൺ-സൈറ്റ് സൗകര്യമൊരുക്കേണ്ടതും, ഇത്തരം സ്ഥാപനങ്ങളുടെ മാലിന്യോത്പാദനം, സംസ്കരണം എന്നിവ നിരീക്ഷിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യും പ്രകാരമുള്ള ഓൺലൈൻ പോർട്ടൽ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കുന്ന മുറയ്ക്ക്, എല്ലാ വൻകിട മാലിന്യ ഉല്പാദകരും (BWGs) പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

10. 2026 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾക്ക് വ്യാപര പ്രചാരണം നൽകുന്നതിന് ശുചിത്വ മിഷൻ , കെ.എസ്.ഡബ്ല്യൂ.എം.പി., കുടുംബശ്രീ, ക്ലീൻ കേരള കമ്പനി, തുടങ്ങി മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ മിഷനുകൾ/ഏജൻസികൾ /സ്ഥാപനങ്ങൾ എന്നിവയും IEC ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്.

TINKU BISWAL
PRINCIPAL SECRETARY

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
ചെയർപേഴ്സൺ/സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ LSGD മുഖേന)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ LSGD മുഖേന)
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, I&PR (വെബ് & ന്യൂ മീഡിയ) വകുപ്പ്
വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയറ്റ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Vinod Kumar. V
Date: 23-03-2026 10:51:09

സെക്ഷൻ ഓഫീസർ.